# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നമ്പർ : 205** 12.06.2018 -ൽ മറുപടിയ്ക്ക്

**മൂന്നാറിൽ വിനോദസഞ്ചാരികൾക്കുള്ള താമസസൗകര്യം**

ചോദ്യം

ശ്രീ.സി.മമ്മൂട്ടി

ഡോ.എം. കെ. മുനീർ

ശ്രീ.കെ.എൻ.എ ഖാദർ

ശ്രീ.മഞ്ഞളാംകുഴി അലി :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ വർഷം നീലക്കുറിഞ്ഞി പൂക്കുന്ന സീസണിൽ മൂന്നാറിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്കായി ടൂറിസം വകുപ്പ് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | ഈ വർഷം നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• ഇരവികുളം നാഷണൽ പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് 88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>• "Neelakurinji Season 2018" സംബന്ധിച്ച് ഒരു ഓൺലൈൻ പ്രൊമോഷൻ ക്യാമ്പയിൻ നടപ്പാക്കി വരുന്നു.<br>• "Expansion of Ecotourism Activities at Silent Valley, Rhodovalley and Meesapulimala in Munnar" 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>• സ്റ്റഡി ഓൺ ട്രാഫിക് & ക്രൗഡ് മാനേജ്മെന്റ് സ്കീംസ് ഫോർ കുറിഞ്ഞി ഫ്ളവറിംഗ് സീസൺ ഇൻ മൂന്നാർ എന്ന പദ്ധതിക്ക് 10 ലക്ഷം രൂപ ഇടുക്കി ഡിറ്റിപിസിക്ക് അനുവദിച്ചിട്ടുണ്ട്<br>• ക്യാരിയിംഗ് കപ്പാസിറ്റി സ്റ്റഡീസ് ഇൻ ഇക്കോ ടൂറിസം ഏരിയ എന്ന പദ്ധതിക്കായി 55,70,000/- രൂപ അനുവദിച്ചിട്ടുണ്ട്<br>ഇതിൽ ഇരവികുളം നാഷണൽ പാർക്ക്, സൈലന്റ് വാലി, ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറി, പെരിയാർ ടൈഗർ റിസർവ്, പറമ്പികുളം ടൈഗർ റിസർവ് എന്നീ പ്രദേശങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്<br>• ഡെവലപ്മെന്റ് ഓഫ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം അറ്റ് ദേവികുളം പദ്ധതിക്ക് സർക്കാർ 45 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.<br>• ഇംപ്രൂവ്മെന്റ് ഓഫ് ഫെസിലിറ്റീസ് ഫോർ വിസിറ്റേഴ്സ്, കൺസ്ട്രക്ഷൻ ഓഫ് കഫറ്റേരിയ കം എന്റർടൈയിൻമെന്റ് സെന്റർ എന്ന പദ്ധതിയ്ക്കായി |

| | | | |
|---|---|---|---|
| | | | 1,27,70,000/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.<br>• KTDC യുടെ കീഴിലുള്ള ഹോട്ടലുകൾ മോടിപിടിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ നടന്നു വരുന്നു.<br>• നീലക്കുറിഞ്ഞി 2018 സീസണുമായി ബന്ധപ്പെട്ട് കൊണ്ടുള്ള ട്രാഫിക് പ്രശ്നങ്ങൾ സംബന്ധിച്ച് നാറ്റ്പാക് തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഡിറ്റിപിസി ഇടുക്കി മുഖാന്തിരം ഒന്നര ക്കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് പരിഗണനയിലാണ്. ഇത് കൂടാതെ നീലക്കുറിഞ്ഞി സീസണുമായി മൂന്നാർ മേഖലയിൽ ഉണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മറ്റ് രണ്ട് പദ്ധതികളും(130 ലക്ഷം) സർക്കാരിന്റെ പരിഗണനയിലാണ്.<br>ഏകദേശം പത്ത് ലക്ഷത്തോളം സഞ്ചാരികൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിലെ സ്ഥിതിയിൽ പ്രതിദിനം പരമാവധി 4000 സന്ദർശകരെ മാത്രമെ പ്രവേശിപ്പിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ അടിമാലി മുതൽ ഇരവികുളം വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. ഓൺലൈൻ ബുക്കിംഗ് മുഖേന പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അടിമാലിയിൽ നിന്നും ടൂറിസ്റ്റുകളെ പ്രത്യേകം ബസുകളിൽ (KSRTC/DTPC) ടി സ്ഥലത്തേക്ക് എത്തിക്കാനും അനുബന്ധ സൗകര്യങ്ങൾ/സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വനം, പോലീസ്, റവന്യൂ , വൈദ്യുതി , വാട്ടർ അതോറിറ്റി , ആർ.ടി.ഒ തുടങ്ങിയ ഏജൻസികളുടെ ഏകോപനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇടത്തരക്കാരായ വിനോദസഞ്ചാരികൾക്കായി കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കുമെന്ന് വിനോദസഞ്ചാര വകുപ്പ് പ്രഖ്യാപിച്ചിരുന്നോ; | ബി) | ഇല്ല |
| സി) | എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ